**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2367** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഇരിട്ടി എൻ.എഫ്.എസ്.എ. ഡിപ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഇരിട്ടി എൻ.എഫ്.എസ്.എ. ഡിപ്പോയുടെ ഭക്ഷ്യധാന്യ സംഭരണ വിതരണത്തിന് ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സ്ഥലം ലഭ്യമാണോ; എങ്കിൽ എന്ത് കാരണത്താലാണ് എൻ.എഫ്.എസ്.എ. ഡിപ്പോയുടെ ഭക്ഷ്യധാന്യങ്ങൾ ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സംഭരിക്കാത്തത്; ഭക്ഷ്യധാന്യങ്ങൾ ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സംഭരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (എ) | ഇരിട്ടി എൻ എഫ് എസ് എ ഡിപ്പോയുടെ ഭക്ഷ്യ ധാന്യങ്ങളുടെ സംഭരണ, വിതരണത്തിനായി ഇരിട്ടി വെയർ ഹൗസിങ് കോപ്പറേഷന്റെ ഗോഡൗണിൽ 10000 ച.അടി സ്ഥലം ലഭ്യമാണ്. ഭക്ഷ്യ ധാന്യങ്ങൾ ഇറക്കുന്നതുമായി ബന്ധപ്പെട്ട്, ഇരിട്ടി SWC ഗോഡൗണിലെ തൊഴിലാളികളും എൻ എഫ് എസ് എ ഗോഡൗൺ തൊഴിലാളികളും തമ്മിൽ തൊഴിൽ പ്രശ്നം നിലവിലുണ്ടായിരുന്നു. പ്രസ്തുത പ്രശ്നം പരിഹരിച്ചുകൊണ്ട് കണ്ണൂർ ജില്ലാ ലേബർ ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചുവെങ്കിലും, ടി ഉത്തരവ്, ബഹു ഹൈക്കോടതി W P (c) No. 38488/2023-ന്റെ 21.11.2023, 15.12.2023 എന്നീ തിയതികളിലെ ഇടക്കാല ഉത്തരവുകൾ പ്രകാരം സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഭക്ഷ്യധാന്യങ്ങൾ ഇരിട്ടി സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണിൽ സംഭരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത കേസിൽ ബഹു. ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചശേഷം മാത്രമേ ടി വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ